# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4149 — 12.11.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിലും ഓഫീസുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

| | ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിലും ഓഫീസുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.എഫ്.ഇ. ഓഫീസുകളിൽ സി സി ടി വി സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 04/11/2019 ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 144 ബ്രാഞ്ച് ഓഫീസുകളിലും 7 റീജിയണൽ ഓഫീസുകളിലുമാണ് ആദ്യഘട്ടമെന്ന നിലയിൽ സി. സി. ടി. വി. സംവിധാനങ്ങൾ സ്ഥാപിക്കുന്നത്. |
| (ബി) | ഇതിനുള്ള കരാർ നൽകിയത് ആർക്കാണ്; എത്ര രൂപയ്ക്കാണ് കരാർ നൽകിയത്; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനാണ് (കെൽട്രോൺ) കരാർ നൽകിയിട്ടുള്ളത്. യൂണിറ്റ് ഒന്നിന് 1,46,500 രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്. |
| (സി) | ഈ ഓഫീസുകളിൽ എത്ര സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ബ്രാഞ്ച് ഒന്നിന് 7 ക്യാമറകൾ വീതം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ